(സി) കാർഷിക സർവ്വകലാശാലയും കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനവും തെങ്ങു ഗവേഷണത്തിലും ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിലുമാണ് വ്യാപൃതമായിട്ടുള്ളത്. കാർഷിക സർവ്വകലാശാല തെങ്ങ് കൃഷിയെ സംബന്ധിച്ചും അതിന്റെ ചെലവ്, ഉൽപാദനം എന്നിവ താരതമ്യം നടത്തുകയുണ്ടായി. മാർക്കറ്റ് റിസർവ്വ് പഠനത്തിലൂടെ കേരളത്തിൽ ശാസ്ത്രീയ വളപ്രയോഗവും ഉൽപാദനക്ഷമതയുള്ള തെങ്ങുകളിൽ നിന്നും കർഷകർക്ക് ലാഭം ഉണ്ടാകുന്നു. കേരളത്തിൽ കൂടുതലും ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ ഉണ്ട്. ഇവ ലാഭകരമല്ല എന്നു കാണുകയുണ്ടായി.

(ഡി) സഹായകമാണ്. സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനും നാളികേര ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനും കേന്ദ്ര സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന നാളികേര ടെക്നോളജി മിഷനിൽ പദ്ധതികൾ സമർപ്പിക്കാവുന്നതാണ്. നാളികേര വികസന ബോർഡ് മുഖാന്തിരമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി കേരഫെഡ് വെളിച്ചെണ്ണ അല്ലാതെയുള്ള നാളികേരാധിഷ്ഠിതമായ ഭക്ഷ്യ ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള ഒരു പദ്ധിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഹരിത മാർക്കറ്റുകളിലെ വില നിലവാരം

16 (*476) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹോർട്ടികോർപ്പിന്റെ ലാഭം വില്പന കേന്ദ്രമായ ഹരിതമാർക്കറ്റുകളിൽ പൊതുവിപണിയിലേതിനേക്കാൾ കൂടുതൽ വിലയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇപ്രകാരം ഹരിതമാർക്കറ്റുകളിൽ കൂടുതൽ വില ഈടാക്കുമ്പോൾ വില്പന കുറയുകയും ക്രമേണ ഹരിത മാർക്കറ്റുകൾ പരാജയപ്പെടാനുമുള്ള സാദ്ധ്യതയെപ്പറ്റി വിലയിരുത്തിയിട്ടുണ്ടോ ;

(സി) എങ്കിൽ ഹരിതമാർക്കറ്റുകളിലെ വിലനിലവാരം പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ തോതിലാക്കാൻ നടപടി സ്വീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) പൊതുവിപണിയിലെ സ്വകാര്യ കച്ചവടക്കാരുമായി മൽസരിച്ചാണ് ഹോർട്ടികോർപ്പ് പഴവർഗ്ഗങ്ങളും പച്ചക്കറികളും വിപണനം നടത്തുന്നത്. മിക്ക പച്ചക്കറികളും പൊതുവിപണിയിലേതിനേക്കാൾ കുറഞ്ഞ നിരക്കിലാണ് വില്പന നടത്തിക്കൊണ്ടിരിക്കുന്നത്. കാലവർഷം വൈകിയതും വരൾച്ചാ കൊടുതിയും മൂലം അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള പച്ചക്കറികളുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത്തരം പച്ചക്കറികൾക്ക് മൊത്തവിലയിലും ചില്ലറ വിലയിലും വലിയ വ്യത്യാസമില്ല. അതിനാൽ ചിലയിനം പച്ചക്കറികൾ പൊതുവിപണിയിലെ വിലയ്ക്ക് വിൽക്കേണ്ടിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഹരിതസ്റ്റാളുകളുടെ പ്രവർത്തനത്തെക്കുറിച്ചും വിലനിലവാരത്തെ കുറിച്ചും നിരന്തരം വിലയിരുത്തൽ നടത്തുന്നുണ്ട്.

(സി) ഹരിത സ്റ്റാളുകൾവഴി വിൽക്കുന്ന പച്ചക്കറികൾക്ക് പൊതുവിപണിയിലേതിനേക്കാൾ വില കൂടാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തുനിന്നും കയറ്റി അയയ്ക്കുന്ന കാർഷിക വിഭവങ്ങൾ

17 (*477) ശ്രീ. എ. എ. അസീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്നും എന്തെല്ലാം കാർഷിക വിഭവങ്ങളാണ് കയറ്റി അയയ്ക്കുന്നത് ;

(ബി) കാർഷിക വിഭവങ്ങൾ സംസ്ഥാനത്ത് സർക്കാർ നേരിട്ടാണോ കയറ്റി അയയ്ക്കുന്നത് ; ഏതെല്ലാം രാജ്യങ്ങളിലേക്കാണ് കയറ്റി അയയ്ക്കുന്നത് ;

(സി) കയറ്റുമതിയിലൂടെ പ്രതിവർഷം എത്ര രൂപയുടെ വിദേശ നാണയം ലഭ്യമാക്കുന്നു ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) സംസ്ഥാനത്തു നിന്നും കയറ്റുമതി ചെയ്യുന്ന പ്രധാന കാർഷിക വിഭവങ്ങൾ താഴെ പറയുന്നു :

1. തേയില
2. കാപ്പി
3. കുരുമുളക്
4. ഇഞ്ചി
5. മഞ്ഞൾ
6. കറി പൗഡറുകൾ
7. കശുവണ്ടി
8. സുഗന്ധവ്യഞ്ജന എണ്ണയും ഒളിയോറസിനും
9. ഏലം, ചുക്ക്, ഗ്രാമ്പു
10. പച്ചക്കറികൾ
11. പഴവർഗ്ഗങ്ങൾ
12. അച്ചാറുകൾ
13. പലഹാരങ്ങൾ
14. നാളികേര ഉൽപ്പന്നങ്ങൾ
15. കയറും കയറുല്പനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly